സങ്കീർത്തനം 151

[പുസ്തകം VI (151 -)]

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

വാൽനക്ഷത്രം തകർന്നുവീണ തരികളിൽ
നഷ്ടപ്പെട്ട അഭിനവ സങ്കീർത്തനത്തിന്റെ
വാദ്യോപകരണ വീചീപ്രയോഗ വീഴ്ച്ചയിൽ
വീണ്ടെടുത്ത ഗുട്ടൻസിന്റെ ഡിജിറ്റൽ അച്ചുകൾ.

സങ്കീർത്തനം 151

ഉറയൊഴിക്കാൻ മോരുകൊടുക്കുന്നു –
മനക്കുശിനിയിൽ കയറിയ ദുഷ്ട/ൻ
അവശേഷിച്ച തൈരും മോരും കട്ട്
പെരുക്കത്തിന്റെ ജീവകോശം കരിക്കുന്നു.
അവസാനിക്കാത്ത പുലർ പ്രാർത്ഥനയിൽ
ധ്യാനം മുഴുപ്പിക്കുന്ന വരികൾ മുഴക്കട്ടെ:

ഈശ്വരീശ്വരരെ,
ദുർജ്ജനത്തിന്റെ *ഡെലീറ്റ് ബട്ടൺ* അമർത്തുന്ന
പുഴുത്ത വിരൽത്തുമ്പ് മുറികൂട്ടാതെ മുറിക്കുക.
കട്ട് എന്റ് പേസ്റ്റ് നടത്താന്നായുന്ന
നാറിവിരലുകൾ വളർത്താതെ തളർത്തേണമേ.
കഴിയുമെങ്കിൽ,
*കോപ്പി എന്റ് പേസ്റ്റി*ന്റെ വിരലറ്റത്ത്
ചോരയോട്ടത്തിന്റെ ചാരസ്സമ്മർദ്ദം
അവശ്യം ന്യൂനരാശിയിൽ തളയ്ക്കേണമേ.

അനുകരിക്കുന്നോരെ ശിക്ഷിക്കാതെ
ശിഷ്യഗണത്തിലുൾപ്പെടുത്തി
മാമയും പാപ്പയും കൊടുക്കുന്ന

മാപ്പിന്റെ ശീതളച്ഛായയിൽ
സ്വർഗ്ഗരാജ്യ കവാടത്തിലെ
കാവൽക്കാരാക്കേണമേ.

അനുകരിച്ചു നശിപ്പിക്കാൻ കാത്ത്
മരണദിനം പാർത്തിരിക്കുന്നോരെയും
ഹരണ കാലതാമസത്തിൽ ക്ഷമയറ്റ്
വധിക്കാൻ കാക്കുന്നോരെയും
ദുഷ്ടപ്പനയിൽ കെട്ടിയൊടിക്കാൻ
ഒത്താശയ്ക്കോശാരം മൂളണമേ.

എല്ലാം അവിടത്തെ ഇഷ്ടമെന്നറിയുക,
ഒന്നും തന്റേതല്ലെന്നും.

അമേനാമീനോം!

സീലാ/സ്-ലാ

****